ST. GREGORIOS ORTHODOX
CHRISTIAN YOUTH MOVEMENT
(A Spiritual Organization of St. Gregorios Indian Orthodox Maha Edavaka, Kuwait )

# നോമ്പും നമസ്കാരവും

## പ്രാർത്ഥനയുടെയും നോമ്പിന്റെയും പ്രാധാന്യത്തിനു മുൻതൂക്കം നൽകാൻ യുവജനപ്രസ്ഥാനം

അഖില മലങ്കര യുവജനപ്രസ്ഥാനം കേന്ദ്രതലത്തിൽ 2011 - 2012 -ലെ പ്രധാന പഠന-ചിന്താവിഷയം ആയി തെരഞ്ഞെടുത്തിരിക്കുന്നത് "മാർത്തോമ-പൈതൃക-പഠനം" എന്ന വിഷയം ആണ്. ഈ വിഷയം മാർത്തോമാ ശ്ലീഹ നമുക്ക് കൈമാറിയ പൈതൃകത്തിലേക്കും വളർച്ചയുടെ പാതയിൽ നമ്മുടെ സഭയ്ക്കും സഭാമക്കൾക്കും കൈമോശം വന്ന അനുഷ്ഠാനങ്ങളിലേക്കും ഒരേ സമയം വിരൽ ചൂണ്ടുന്നു. നമ്മുടെ പൂർവ്വപിതാക്കന്മാരുടെ അനുഗ്രഹകരവും ശ്രേഷ്ഠവും വിജയകരവും ആയ ആത്മീയജീവിതങ്ങൾക്ക് അടിസ്ഥാനമായിരുന്നത് അവരുടെ തീക്ഷ്ണമായ, ഒരിക്കലും വീഴ്ച വരുത്താത്ത പ്രാർത്ഥന- നോമ്പനുഷ്ഠാനങ്ങൾ ആയിരുന്നു എന്ന് കാണാം. വൈകല്യങ്ങളും സ്വരച്ചേർച്ച-ഇല്ലായ്മയും നിലനിൽക്കുന്ന കുടുംബങ്ങൾ വിരൽ ചൂണ്ടുന്നത് ദൈനംദിന കുടുംബപ്രാർത്ഥനയുടെ അഭാവവും ഗുരുതരമായ പ്രശ്നങ്ങൾക്കിടയിലും നിത്യപ്രകാശമായ യേശുക്രിസ്തുവിങ്കലേക്ക് നോക്കുന്നതിലുള്ള അവരുടെ പരാജയവും ആണ്. കുടുംബങ്ങളിലെ കെട്ടുറപ്പിന്റെയും സമാധാന-അന്തരീക്ഷത്തിന്റെയും നാന്ദിയും ശക്തിസ്രോതസ്സും ആയി നിലനിൽക്കേണ്ട കുടുംബപ്രാർത്ഥനയും നോമ്പ്-ആചരണവും പുനസ്ഥാപിക്കുക എന്നത് കാലഘട്ടത്തിന്റെ ആവശ്യവും പുതിയ തലമുറയ്ക്ക് അവ കൈമാറുക എന്നത് നമ്മുടെ ധാർമിക-ഉത്തരവാദിത്തവും ആണ്. പരിശുദ്ധ സഭയുടെയും യുവജനപ്രസ്ഥാനത്തിന്റെയും ആഹ്വാനം ചെവിക്കൊള്ളുന്നതിനും അതിലുപരിയായി പ്രാർത്ഥനയും നോമ്പ്-ആചരണവും സ്വജീവിതങ്ങളിൽ ഉളവാക്കുന്ന വിസ്മയകരങ്ങളായ ഫലങ്ങളെ സംബന്ധിച്ച് ഇടവക ജനങ്ങളെ ബോധവാന്മാർ ആക്കുന്നതിനും ഇടവകയുടെ യുവജനപ്രസ്ഥാനം യുണിറ്റ് ഈ (ശ്ലീഹാ)-നോമ്പുദിനങ്ങളെ കാണുന്നു. യുവജന-പ്രസ്ഥാനം അംഗങ്ങൾ കുടുംബങ്ങളായി പ്രാർത്ഥനയുടെ പ്രാധാന്യത്തെ വില കുറച്ചു

കാണാതെ ഈ പരിശുദ്ധ നോമ്പ് ഭക്തിപുരസ്സരം ആചരിക്കുമെന്ന് പ്രതിജ്ഞ ചെയ്യുകയാണ്. ഈ അനുഗ്രഹകരമായ കർമ്മത്തിൽ അണി ചേരാനും തദ്വാരാ സമൂഹത്തിനു നിലയ്ക്കാത്ത പ്രകാശം ആയി വർത്തിക്കുന്ന ഒരു ജീവിക്കുന്ന ക്രിസ്തീയ സമൂഹം ആയി പരിവർത്തനം ചെയ്യപ്പെടാനും ആയി ഇടവകയിലെ എല്ലാവരെയും ഞങ്ങൾ ക്ഷണിക്കുകയാണ്.

**ശ്ലീഹാ-നോമ്പ് - അപ്പോസ്തോലന്മാരുടെ നോമ്പ്** - ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ ആചരിക്കുന്ന ഒരു നോമ്പ് ആണ്. ഓർത്തഡോക്സ് സഭാ കലണ്ടർ പ്രകാരം ഈ നോമ്പ് ജൂൺ 16 -നു ആരംഭിച്ചു ജൂൺ 29 -നു പത്രോസ്-പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മപ്പെരുന്നാൾ ദിവസം അവസാനിക്കുന്നു.

ചരിത്രത്തിൽ എഴുതപ്പെട്ടിരിക്കുന്ന പ്രകാരം, നമ്മുടെ കർത്താവിന്റെ ഉയർത്തെഴുന്നേല്പിനെ തുടർന്ന് 50 ദിനങ്ങൾ ആനന്ദാതിരേകത്തിൽ ആയിരുന്ന ശിഷ്യന്മാർ, യെരുശലേമിൽനിന്ന് ക്രിസ്തുവിന്റെ സുവിശേഷം അറിയിക്കാനായി ലോകത്തിന്റെ നാനാഭാഗത്തേക്കും പുറപ്പെടുന്നതിന് തയ്യാറെടുക്കുന്നു. ആ തയ്യാറെടുപ്പിന്റെ ഭാഗമായി, സുവിശേഷപ്രവർത്തനങ്ങളിലെ നിശ്ചയദാർഢ്യത്തിനും അവരെ നിർഭയം മുന്നോട്ടു നയിക്കേണ്ട ദൈവശക്തി അവരോടൊപ്പം ഉണ്ടാകേണ്ടതിന്നുമായി യാചിച്ച്, അവർ പ്രാർത്ഥനയോടൊപ്പം ഒരു ഉപവാസവും നടത്താൻ തീരുമാനിക്കുന്നു. ഈ നോമ്പിനെ സൂചിപ്പിക്കുന്ന വേദപുസ്തക- പരാമർശം ശിഷ്യന്മാരുടെ ഉപവാസത്തെ പറ്റി പരീശന്മാരുടെ വിമർശനത്തിനോടുള്ള യേശുക്രിസ്തുവിന്റെ പ്രതികരണം ആണ്; "എന്നാൽ മണവാളൻ അവരെ വിട്ടുപിരിയേണ്ടുന്ന കാലം വരും; അന്ന്, അക്കാലത്ത് അവർ ഉപവസിക്കും" (വി. മർക്കോസ് 2.20). ഈ വാക്യം നമ്മെ ബോധ്യപ്പെടുത്തുന്നത് യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണ ശേഷം അദ്ദേഹത്തിന്റെ സുവിശേഷപ്രചരണം സാധ്യമാകുന്നതിന് പ്രാർത്ഥനയും ഉപവാസവും അത്യന്താപേക്ഷിതമാണ് എന്നാണ്. ഈ നോമ്പാനുഷ്ഠാനം നിലവിൽ വന്നത് ലിയോ മാർപാപ്പയുടെ AD 461-ലെ ശാസനം വഴിയാണ്, എങ്കിലും പാശ്ചാത്യരും ഭാഗികമായി നാമും പ്രാധാന്യമില്ലാത്തതെന്ന മട്ടിൽ മറന്നു

P.O. Box. 80, Safat - 13001, Kuwait
Tel/Fax: 24312064, e-mail: ocym@iocq8.org

കഴിഞ്ഞിരിക്കുന്ന നോമ്പുകളിൽ ഒന്നാണ് പ. ശ്ലീഹാ-നോമ്പ്. അപ്പോസ്തോലന്മാരുടെ മദ്ധ്യസ്ഥതയോടുള്ള കൃതജ്ഞത പ്രകടിപ്പിക്കാനും, അപ്പോസ്തോലന്മാർ കടന്നുപോയ പീഡകളും അവരുടെ സാക്ഷ്യവും പ്രതീകാത്മകമായി ഉൾക്കൊള്ളാനും വേണ്ടിയാണ് പ. സഭ ഈ നോമ്പാചരണം ക്രമീകരിച്ചിരിക്കുന്നത്. ആത്മീയകാര്യങ്ങൾ ലൗകീക - മോഹങ്ങളിലും പ്രാധാന്യമേറിയത് എന്ന് നമ്മെ പഠിപ്പിക്കുന്നതിനും ആത്മാവിനെ സാത്താന്റെമേലുള്ള ദൈവത്തിന്റെ വിജയം സംബന്ധിച്ചുള്ള കാര്യങ്ങളിൽ വ്യക്തമായ ഇടവേളകളിൽ മുന്നറിയിപ്പ് നൽകുന്നതിനും ഈ നോമ്പ് സഹായിക്കുന്നു.

**സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം**
**കുവൈറ്റ്**